ഏസി.എച്ച്/2018

05.10.2018.

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2018

### എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 10-ന് സെനറ്റ് ഹാളിൽ

2018-19-ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ ഒക്ടോബർ 10-ന് ഹാജരാകേണ്ടതാണ്. കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions. keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (340/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 340/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

**Sd/-**

**രജിസ്ട്രാർ**

<u>**പ്രത്യേക കുറിപ്പ്**</u>: എല്ലാ പ്രധാന പത്രങ്ങളുടേയും എല്ലാ എഡിഷനുകളിലും 2018 ഒക്ടോബർ 06, 07, 08, 09 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.